# കേരള നിയമസഭ
# 21.03.2013-ലെ മറുപടിക്ക്

<u>ഭക്ഷ്യോപദേശക വിജിലൻസ് കമ്മിറ്റികൾ</u>

1218 ശ്രീ. വി. ഡി. സതീശൻ
,, ബെന്നി ബെഹനാൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യോപദേശക വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ;

(ബി) കമ്മിറ്റികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ ;

(സി) എവിടെയൊക്കെയാണ് പ്രസ്തുത കമ്മിറ്റികൾ പ്രവർത്തിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) കമ്മിറ്റികളുടെ പ്രവർത്തനരീതിയും ഉത്തരവാദിത്വങ്ങളും എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

**കേരള നിയമസഭ**
**21.03.2013-ലെ മറുപടിക്ക്**

<u>ഭക്ഷ്യസുരക്ഷ ഉറപ്പാക്കൽ</u>

1219 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യധാന്യക്കമ്മി അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും അരിവില നിയന്ത്രിക്കുന്നതിനുമായി എന്തെല്ലാം നടപടകൾ സ്വീകരിച്ചു എന്ന് വ്യക്താമാക്കുമോ;

(സി) സംസ്ഥാനത്തെ അരിവില മുൻവർഷങ്ങളിലേതിൽനിന്നും വളരെ കൂടുതലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2006, 2007, 2008, 2009, 2010, 2011, 2012 വർഷങ്ങളിൽ അരിയുടെ വില പൊതുമാർക്കറ്റിലും, മാവേലിസ്റ്റോറിലും, റേഷൻ ഡിപ്പോയിലും എത്രയായിരുന്നുവെന്നത് സംബന്ധിച്ച വിശദമായ സ്റ്റേറ്റുമെന്റ് നൽകാമോ;

(ഡി) സംസ്ഥാനത്തെ പൊതുവിതരണ സംവിധാനത്തിന്റെ കാര്യക്ഷമതയില്ലായ്മ സംബന്ധിച്ച പരാതി ശ്രദ്ധിച്ചിട്ടുണ്ടോ; എങ്കിൽ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

ഭക്ഷ്യസുരക്ഷാ നിയമപ്രകാരമുള്ള ലൈസൻസ്

1220 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും**
**രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ നിയമപ്രകാരം സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം;

(ബി) ലൈസൻസിനുള്ള അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തിയും, സ്ഥാപനത്തിൽ നേരിട്ടെത്തി പരിശോധന നടത്തിയുമാണോ ലൈസൻസ് നൽകുന്നത്;

(സി) ലൈസൻസ് ലഭിച്ച സ്ഥാപനങ്ങൾ നിബന്ധനകൾ പാലിച്ചുകൊണ്ടാണോ പ്രവർത്തിക്കുന്നത് എന്നറിയാൻ എന്തെല്ലാം പരിശോധനാസംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>ഭക്ഷ്യസംസ്കരണ മിഷന് ലഭിച്ച തുക</u>

1221 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യസംസ്കരണ മിഷന് 2012-13 വർഷത്തിൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും എത്ര തുകയാണ് ലഭിച്ചത്; സംസ്ഥാന വിഹിതം എത്രയാണ് ചെലവഴിച്ചത്;

(ബി) കോന്നിയിൽ പ്രവർത്തിക്കുന്ന ഫുഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>കരിഞ്ചന്തയും പൂഴ്ത്തിവയ്പുമായി ബന്ധപ്പെട്ടുള്ള കേസ്സുകൾ</u>

1222 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃത്രിമ വിലക്കയറ്റം സൃഷ്ടിക്കുന്നതിനായി കരിഞ്ചന്തയും, പൂഴ്ത്തിവെപ്പും നടത്തിയതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ ഈ സർക്കാർ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) കഴിഞ്ഞ അഞ്ചു വർഷത്തിനിടെ ഇത്തരം കുറ്റകൃത്യം നടത്തിയ എത്ര പേരെ ശിക്ഷിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ;

(സി) ആയതിന്റെ അടിസ്ഥാനത്തിൽ പിടിച്ചെടുക്കുന്ന ഭക്ഷ്യവസ്തുക്കളിൻമേൽ കൈക്കൊള്ളുന്ന നടപടി വിശദമാക്കുമോ?

**കേരള നിയമസഭ**
**21.03.2013-ലെ മറുപടിക്ക്**

<u>നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം</u>

1223 ശ്രീ. എളമരം കരീം
,, ജെയിംസ് മാത്യു
,, കെ. കെ. ജയചന്ദ്രൻ
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിപണിയിൽ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിച്ചു വരുന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ;

(ബി) വില വർദ്ധന നിയന്ത്രിക്കുന്നതിന് വിപണിയിൽ ഇടപെടുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; സ്വീകരിച്ച നടപടികൾ ഫലപ്രദമായിരുന്നോ; വിപണിയിൽ ഇടപെട്ട ഇനത്തിൽ സപ്ലൈകോ, കൺസ്യൂമർ ഫെഡറേഷൻ തുടങ്ങിയ സ്ഥാപനങ്ങൾക്ക് കൊടുത്തു തീർക്കാനുളള തുക എത്ര;

(സി) സപ്ലൈകോ വഴി വിറ്റഴിക്കുന്ന വസ്തുക്കളുടെ വില വർദ്ധിപ്പിച്ചത് പൊതുമാർക്കറ്റിൽ വിലക്കയറ്റത്തിന് ആക്കം കൂട്ടിയിട്ടുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; നിത്യോപയോഗ സാധനങ്ങൾ ഓരോന്നിനും സപ്ലൈകോയുടെയും പൊതുമാർക്കറ്റിലേയും വിലകൾ സംബന്ധിച്ച അന്തരം വിശദമാക്കാമോ;

(ഡി) സംസ്ഥാനത്തെ പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്തിയും, വെട്ടിക്കുറച്ച സബ്സിഡി പുനഃസ്ഥാപിച്ചും വിലക്കയറ്റം നിയന്ത്രിക്കുന്നതിനുളള ഇടപെടൽ നടത്താൻ തയ്യാറാകുമോ?

## കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

അരിവില വര്‍ദ്ധനവ് തടയുന്നതിന് നടപടി

1224 ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് അരിവില വര്‍ദ്ധനവ് തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നടപടികളുടെ ഭാഗമായി വിപണിയില്‍ അരിവില കുറഞ്ഞിട്ടുണ്ടോ; വിശദാംശങ്ങള്‍ അറിയിക്കാമോ;

(സി) സംസ്ഥാനത്തെ വിപണിയില്‍ എത്ര വിലയ്ക്കാണ് നിലവില്‍ അരി ലഭിക്കുന്നതെന്ന് അറിയിക്കുമോ?

## കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>അരിവില നിയന്ത്രിക്കാനുള്ള നടപടികൾ</u>

1225

ശ്രീ. പാലോട് രവി
,, സണ്ണി ജോസഫ്
,, വി. പി. സജീന്ദ്രൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അരിവില നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(ബി) ഇതിനായി സപ്ലൈക്കോയുടെ നേതൃത്വത്തിൽ കൂടുതൽ അരിക്കടകൾ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) എങ്കിൽ പ്രസ്തുത കടകളിലൂടെ ഗുണമേന്മയുള്ള അരി നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) പ്രതിമാസം നിശ്ചിത അളവിൽ അരി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>വിലക്കയറ്റം നിയന്ത്രിക്കാൻ നടപടി</u>

1226 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വിലക്കയറ്റം നിയന്ത്രിക്കുന്നതിനും നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

# കേരള നിയമസഭ
# 21.03.2013-ലെ മറുപടിക്ക്

<u>കരിഞ്ചന്തയ്ക്കും പൂഴ്ത്തിവയ്പിനുമെതിരെയുള്ള റെയ്ഡുകൾ</u>

1227

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കരിഞ്ചന്തയും പൂഴ്ത്തിവെപ്പും തടയുന്നതിന്റെ ഭാഗമായി ഈ സർക്കാർ റേഷൻ കടകളിലും ഹോൾസെയിൽ കടകളിലും എത്ര റെയ്ഡുകൾ നടത്തിയെന്ന് വ്യക്തമാക്കാമോ;

(ബി) റെയ്ഡുകളുടെ ഭാഗമായി എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) ശിക്ഷാ നടപടികളുടെ ഭാഗമായി എത്ര റേഷൻ കടകളുടേയും ഹോൾസെയിൽ കടകളുടേയും ലൈസൻസുകൾ റദ്ദു ചെയ്തുവെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത കടകളിൽ കണ്ടെത്തിയ ക്രമക്കേടുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സാമ്പത്തിക സഹായം</u>

1228 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷന് ഈ സാമ്പത്തിക വർഷം ലഭിച്ച സാമ്പത്തിക സഹായത്തിന്റെ വിശദവിവരം നൽകാമോ;

(ബി) പ്രസ്തുത ധനസഹായം ഏതെല്ലാം മേഖലകളിലാണ് ഉപയോഗിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) ഇതുമൂലമുണ്ടായ നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

**കേരള നിയമസഭ**
**21.03.2013-ലെ മറുപടിക്ക്**

<u>റേഷൻ വിതരണ മേഖലയിലെ പ്രശ്നങ്ങളുടെ പഠനം</u>

1229 ശ്രീ. പി. എ. മാധവൻ
,, എം. എ. വാഹിദ്
,, ലൂഡി ലൂയിസ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻ വിതരണ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുവാൻ ഏകാംഗ കമ്മീഷനെ നിയമിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം കാര്യങ്ങൾ പരിശോധിക്കുന്നതിനാണ് പ്രസ്തുത കമ്മീഷനെ നിയോഗിച്ചിട്ടുള്ളത്;

(സി) പൊതുവിതരണ സമ്പ്രദായം കാര്യക്ഷമമാക്കുന്നതിനും ജനോപകാരപ്രദമാക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) പ്രസ്തുത പഠന റിപ്പോർട്ട് എന്ന് ലഭ്യമാകുമെന്ന് അറിയിക്കുമോ?

**കേരള നിയമസഭ**
**21.03.2013-ലെ മറുപടിക്ക്**

 റേഷൻ സമ്പ്രദായം ആധുനികവത്ക്കരിക്കാനുള്ള പദ്ധതി

1230 ശ്രീ. റ്റി. എൻ. പ്രതാപൻ
,, കെ. ശിവദാസൻ നായർ
,, എം. എ. വാഹീദ്
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻ സമ്പ്രദായം ആധുനികവത്ക്കരിക്കാനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുതപദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ്;

(സി) പദ്ധതിയിലൂടെ റേഷൻ വിതരണരംഗത്ത് വരുത്തുവാൻ ഉദ്ദേശിക്കുന്ന പരിഷ്ക്കാരങ്ങൾ വിശദമാക്കുമോ;

(ഡി) പദ്ധതി നടപ്പാക്കുവാൻ കേന്ദ്രത്തിൽ നിന്നും എന്തു തുകയാണ് ലഭിക്കുന്നത്?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>റേഷൻ വിതരണത്തിലെ കമ്പ്യൂട്ടർവൽക്കരണം</u>

1231 ശ്രീ. കെ. അച്ചുതൻ
,, കെ. ശിവദാസൻ നായർ
,, റ്റി. എൻ. പ്രതാപൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ വിതരണം പൂർണ്ണമായി കമ്പ്യൂട്ടർ വൽക്കരിക്കാനുളള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതു വഴി നിലവിലുളള റേഷൻ വിതരണത്തിൽ ഉണ്ടാകുന്ന മാറ്റങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി എന്നു മുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഇ) പ്രസ്തുത പദ്ധതിക്ക് ലഭിക്കുന്ന കേന്ദ്ര സഹായങ്ങൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
# 21.03.2013-ലെ മറുപടിക്ക്

<u>റേഷൻ വിതരണത്തിലെ പോരായ്മകൾ</u>

1232 ശ്രീ. പി. ശ്രീരാമകൃഷ്ണൻ
,, കെ. വി. വിജയദാസ്
,, ബി. സത്യൻ
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളിൽ ഒരേയിനം അരി, പല വിലകളിലും അളവുകളിലുമായി വില്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം കാർഡുടമകൾക്ക് ധാന്യം ലഭ്യമാകാത്ത സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിതരണത്തിലെ സങ്കീർണ്ണതകൾ ലഘൂകരിച്ച് ജനങ്ങൾക്ക് ആവശ്യത്തിന് ധാന്യം വാങ്ങാൻ സാധിക്കുന്ന അവസ്ഥ സൃഷ്ടിക്കുമോ;

(സി) സർക്കാരിന്റെ പ്രഖ്യാപനങ്ങൾ കേട്ട് റേഷൻഷോപ്പുകളിൽ എത്തുന്ന കാർഡുടമകൾക്ക്, അപ്രകാരമുള്ള ധാന്യങ്ങൾ ലഭിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>സപ്ലൈകോയിലെ ക്രമക്കേട്</u>

1233 ശ്രീ. റ്റി. വി. രാജേഷ്
,, എം. ഹംസ
,, എസ്. രാജേന്ദ്രന്‍
,, വി. ശിവന്‍കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുന്നതിനായി സപ്ലൈകോ ഭക്ഷ്യ വസ്തുക്കള്‍ വാങ്ങുന്നതില്‍ ക്രമക്കേട് നടത്തുന്നതായ ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കില്‍ ആയതിനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഈ അടുത്ത കാലത്ത് സപ്ലൈകോ വന്‍പയര്‍ വാങ്ങിയതില്‍ ക്രമക്കേട് നടന്നതായി ആരോപണം ഉയര്‍ന്നിട്ടുണ്ടോ;

(ഡി) പ്രസ്തുത ഇടപാടില്‍ കരാറുകാര്‍ക്ക് ചില ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വഴിവിട്ട സഹായം ലഭിച്ചതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തില്‍ അന്വേഷണമോ നടപടിയോ ഉണ്ടായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>റേഷന്‍ കടകള്‍ വഴി വിതരണം ചെയ്യുന്ന സാധനങ്ങള്‍</u>

1234 ശ്രീ. സി. ദിവാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് റേഷന്‍ കടകള്‍ വഴി വിതരണം ചെയ്യുന്ന സാധനങ്ങള്‍ എന്തെല്ലാം; ആളൊന്നിന് ഓരോ സാധനത്തിനും നിശ്ചയിച്ചിട്ടുള്ള അളവ് എത്ര വീതമാണ് ;

(ബി) എത്ര പേര്‍ക്ക് റേഷന്‍ സാധനങ്ങള്‍ നല്‍കുന്നുണ്ട് ;

(സി) റേഷന്‍ കടകള്‍ വഴി കൂടുതല്‍ സാധനങ്ങള്‍ വിതരണം ചെയ്യുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ?

**കേരള നിയമസഭ**
**21.03.2013-ലെ മറുപടിക്ക്**

<u>ജി. പി. എസ്. സംവിധാനം</u>

1235 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

റേഷൻസാധനങ്ങൾ കരിഞ്ചന്തയിൽ മറിച്ചുവിൽക്കുന്നതു തടയാൻ ഫുഡ് കോർപ്പറേഷനിൽ നിന്ന് മൊത്തവിതരണ കേന്ദ്രത്തിലേയ്ക്ക് പോകുന്ന ലോറികളിൽ ജി. പി. എസ് ഉൾപ്പെടെയുള്ള ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**21.03.2013-ലെ മറുപടിക്ക്**

<u>ജി.പി.എസ്. സംവിധാനം ഏര്‍പ്പെടുത്താന്‍ നടപടി</u>

1236 ശ്രീ. കെ. മുരളീധരന്‍
,, സി. പി. മുഹമ്മദ്
,, ഹൈബി ഈഡന്‍
,, ആര്‍. സെല്‍വരാജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) റേഷന്‍ സാധനങ്ങളുമായി പോകുന്ന വാഹനങ്ങള്‍ നിരീക്ഷിക്കാന്‍ ജി.പി.എസ്. സംവിധാനം ഏര്‍പ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ ;

(ബി) റേഷന്‍ സാധനങ്ങളുടെ കരിഞ്ചന്ത തുടയുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതില്‍ ഉള്‍പ്പെടുത്തിയിരിക്കുന്നത് ;

(സി) ഏതെല്ലാം ഏജന്‍സികളുടെ സഹായത്തോടെയാണ് പ്രസ്തുത സംവിധാനം നടപ്പാക്കുന്നത് ?

## കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>കാലപ്പഴക്കംചെന്ന സാധനങ്ങളുടെ വില്പന</u>

1237 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസിന്റെ സ്റ്റോറുകളിൽ വിൽക്കുന്ന അവശ്യസാധനങ്ങൾ കാലപ്പഴക്കം ചെന്നതാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) കാലപ്പഴക്കം ചെന്ന അവശ്യസാധനങ്ങളുടെ സ്റ്റോക്ക് പൂർണ്ണമായും നീക്കംചെയ്യുന്നതിനു നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**21.03.2013-ലെ മറുപടിക്ക്**

<u>റേഷൻ കാർഡുകൾ സംബന്ധിച്ച പരാതികൾ</u>

1238 ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എ.പി.എൽ, ബി.പി.എൽ റേഷൻ കാർഡുകൾ സംബന്ധിച്ച് ഉയർന്ന പരാതികൾ പരിഹരിക്കാൻ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്;

(ബി) കാർഡുടമകളിലെ അനർഹരെ ഒഴിവാക്കുന്നതിലും അർഹരെ കണ്ടെത്തുന്നതിലും എത്ര ശതമാനം വിജയം കൈവരിക്കാൻ സാധിച്ചു;

(സി) സംസ്ഥാനത്ത് ബി.പി.എൽ റേഷൻ കാർഡിന് അർഹരായവരും എന്നാൽ കാർഡ് ലഭിച്ചിട്ടില്ലാത്തതുമായ എത്ര കുടുംബങ്ങൾ ഉണ്ട്;

(ഡി) എ.പി.എൽ, ബി.പി.എൽ അപാകതകൾക്ക് പൂർണ്ണമായ പരിഹാരം എന്നത്തേയ്ക്ക് സാധ്യമാകും; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>വ്യാജറേഷൻ കാർഡുകൾ</u>

1239 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും**
**രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യാജറേഷൻകാർഡുകൾ നിലവിലുണ്ട് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര;

(ബി) ഇവ റദ്ദാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇതിന്റെ മറവിൽ നിലവിലുള്ള കാർഡുകളുടെ എണ്ണം വെട്ടിക്കുറയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) കേരളത്തിൽ നിലവിൽ എത്ര എ.പി.എൽ, ബി.പി.എൽ കാർഡുകളുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>എ. പി. എൽ. കാർഡ് ബി. പി. എൽ കാർഡ് ആക്കി മാറ്റി ലഭിച്ചവർ</u>

1240 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച അപേക്ഷ പ്രകാരം ആലത്തൂർ താലൂക്ക് സപ്ലൈ ഓഫീസിൻ കീഴിൽ എത്ര എ. പി. എൽ. കാർഡുകളാണ് ബി. പി. എൽ കാർഡുകളായി മാറ്റി നൽകിയിട്ടുള്ളത്;

(ബി) ഇപ്രകാരം ബി. പി. എൽ കാർഡ് ലഭിച്ചവരുടെ പേരുവിവരങ്ങൾ ലഭ്യമാക്കുമോ ;

(സി) ബി. പി. എൽ കാർഡുകൾ തയ്യാറാക്കി നൽകുന്നതിന് ചില ഏജൻസികൾ പണപ്പിരിവ് നടത്തി വരുന്നതായ പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത ഏജൻസിക്കെതിരെ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

എ.എ.വൈ കാർഡ് എ.പി.എൽ ആക്കിയ നടപടി

1241 ശ്രീമതി കെ.കെ.ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്, വടകര താലൂക്ക്, കണാരൻ, വണ്ണാർക്കണ്ടിയിൽ പാതിരപ്പറ്റ പി.ഒ എന്നയാളുടെ റേഷൻ കാർഡ് എ.എ.വൈ വിഭാഗത്തിൽ നിന്നും എ.പി.എൽ വിഭാഗത്തിലേക്ക് മാറ്റിയതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടുള്ളവർ ആരൊക്കെയെന്നും അവരുടെ സാമ്പത്തിക സാമൂഹിക സ്ഥിതിയെക്കുറിച്ച് അന്വേഷണം നടത്തിയിട്ടാണോ റേഷൻ കാർഡ് എ.പി.എൽ വിഭാഗത്തിലേക്ക് മാറ്റിയതെന്നും വ്യക്തമാക്കുമോ;

(സി) അന്വേഷണം നടത്തിയിട്ടുണ്ടെങ്കിൽ എന്തൊക്കെ കാര്യങ്ങളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത റേഷൻകാർഡ് എ.എ.വൈ വിഭാഗത്തിലേക്കോ, ദുർബല വിഭാഗങ്ങൾക്ക് അർഹതപ്പെട്ട ഏതെങ്കിലും വിഭാഗത്തിലേക്കോ മാറ്റി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>നിലവാരം കുറഞ്ഞ ഭക്ഷ്യധാന്യങ്ങള്‍ വിതരണം ചെയ്ത കരാറുകാര്‍</u>

1242 ശ്രീ. പി. ശ്രീരാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സപ്ലൈകോയില്‍ നിലവാരം കുറഞ്ഞ ഭക്ഷ്യധാന്യങ്ങള്‍ വിതരണം ചെയ്ത കരാറുകാര്‍ക്കു തന്നെ വീണ്ടും കരാര്‍ നല്‍കിയത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) തിരുവനന്തപുരം ജില്ലയില്‍ ചുവന്ന വന്‍പയറിനു പകരം വില കുറഞ്ഞ വെളുത്ത വന്‍പയര്‍ വിതരണം ചെയ്ത കരാറുകാരനെതിരെ എന്തു നടപടി സ്വീകരിച്ചു;

(സി) ഇതിന് അനുമതി നല്‍കിയ ഭക്ഷ്യവകുപ്പിലെ ഉന്നത ഉദ്യോഗസ്ഥര്‍ക്കെതിരെ നടപടി സ്വീകരിച്ചുട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>അന്നപൂർണ്ണ പദ്ധതി</u>

1243 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിരാലംബരായ വൃദ്ധജനങ്ങൾക്ക് റേഷൻകടകളിലൂടെ സൗജന്യമായി 10 കി.ഗ്രാം അരി നൽകുന്ന അന്നപൂർണ്ണ പദ്ധതിയിൽ തൃശൂർ ജില്ലയിലെ കടവല്ലൂർ ഗ്രാമപഞ്ചായത്തിൽ നിന്നും എത്രപേർ ഉൾപ്പെട്ടിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടാനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(സി) കടവല്ലൂർ ഗ്രാമപഞ്ചായത്തിലെ അർഹതപ്പെട്ട മുഴുവൻ പേരേയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>പുതിയ മാവേലി സ്റ്റോറുകൾ</u>

1244 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012ൽ എത്ര മാവേലി സ്റ്റോറുകൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

# കേരള നിയമസഭ
# 21.03.2013-ലെ മറുപടിക്ക്

<u>കടുത്തുരുത്തിയിൽ സപ്ലൈകോ ഔട്ട്‌ലെറ്റുകൾ</u>

1245 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ എവിടെയൊക്കെയാണ് സപ്ലൈകോ ഔട്ട്‌ലെറ്റുകൾ തുടങ്ങുന്നതിന് അപേക്ഷകൾ ലഭിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ സിവിൽ സപ്ലൈസ് വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) ഇവയിൽ ഔട്ട്‌ലെറ്റുകൾക്ക് അർഹതയുള്ള അപേക്ഷകൾ എത്ര;

(ഡി) സപ്ലൈകോ കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ വകുപ്പുതല ശുപാർശയിന്മേൽ നിർദ്ദേശിച്ച ഔട്ട്‌ലെറ്റ് ഏതാണ്;

(ഇ) പ്രസ്തുതമണ്ഡലത്തിൽ ഏതൊക്കെ മാവേലി സ്റ്റോറുകളാണ് ലാഭം മാർക്കറ്റും, സൂപ്പർ മാർക്കറ്റുമായി ഉയർത്തുവാൻ നിശ്ചയിച്ചിരിക്കുന്നത്;

(എഫ്) സ്ഥലം വാടകയ്ക്കെടുത്തു നൽകാമെന്ന ഉറപ്പു നൽകിയിട്ടുള്ള മോനിപ്പള്ളി ഔട്ട്‌ലെറ്റിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>ഹൈപ്പർ മാർക്കറ്റ്</u>

1246 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജക മണ്ഡലത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഹൈപ്പർ മാർക്കറ്റ് ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഹൈപ്പർ മാർക്കറ്റ് എന്നത്തേക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ ?

**കേരള നിയമസഭ**
**21.03.2013-ലെ മറുപടിക്ക്**

<u>ചൊവ്വന്നൂരിൽ മാവേലിസ്റ്റോർ ആരംഭിക്കാൻ നടപടി</u>

1247 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശൂർ ജില്ലയിലെ ചൊവ്വന്നൂർ ഗ്രാമ പഞ്ചായത്തിൽ മാവേലി സ്റ്റോർ അനുവദിക്കാത്ത കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) ചൊവ്വന്നൂർ ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ അടിയന്തിരമായി മാവേലിസ്റ്റോർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.03.2013–ലെ മറുപടിക്ക്

<u>പുതിയ മാവേലിസ്റ്റോറുകൾ</u>

1248 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകൾക്കാണ് പുതുതായി മാവേലിസ്റ്റോറുകൾ അനുവദിച്ചത്;

(ബി) പ്രസ്തുത മാവേലിസ്റ്റോറുകളുടെ പ്രവർത്തനം എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ;

(സി) നെന്മാറ മണ്ഡലത്തിന് അനുവദിച്ച സഞ്ചരിക്കുന്ന മാവേലിസ്റ്റോർ സംബന്ധിച്ച വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>മാവേലി സ്റ്റോറുകൾ</u>

1249 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ എത്ര പുതിയ മാവേലി സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട് എന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) പേരാമ്പ്ര മണ്ഡലത്തിൽ പുതിയ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(സി) ആയതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ?

**കേരള നിയമസഭ**
**21.03.2013-ലെ മറുപടിക്ക്**

<u>കല്‍പ്പറ്റ നിയോജകമണ്ഡലത്തില്‍ ആരംഭിച്ച സ്ഥാപനങ്ങള്‍</u>

1250 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സിവില്‍ സപ്ലൈസ് വകുപ്പിനു കീഴില്‍ കല്‍പ്പറ്റ നിയോജകമണ്ഡലത്തില്‍ ഈ സര്‍ക്കാര്‍ ആരംഭിച്ച സ്ഥാപനങ്ങള്‍ ഏതെല്ലാം ;

(ബി) പുതുതായി റേഷന്‍ ഡിപ്പോകള്‍ ആരംഭിക്കണമെന്നാവശ്യപ്പെട്ട് നിവേദനങ്ങള്‍ ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത നിവേദനം സംബന്ധിച്ച് ഏതെല്ലാം വകുപ്പുകളില്‍ ഏതെല്ലാം ഫയലുകള്‍ നിലവിലുണ്ടെന്ന് അറിയിക്കുമോ ;

(ഡി) പ്രസ്തുത സ്ഥലങ്ങളില്‍ റേഷന്‍ ഡിപ്പോകള്‍ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ</u>

1251 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ എല്ലാ മണ്ഡലങ്ങളിലും നടപ്പിലാക്കുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) നിലവിൽ കാസർഗോഡ് ജില്ലയിലെ ഏതൊക്കെ മണ്ഡലങ്ങളിൽ പ്രസ്തുത സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്;

(സി) കാലതാമസം കൂടാതെ പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ മാവേലിസ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ തുടങ്ങാനുള്ള നടപടി സ്വീകരിക്കുമോ;

**കേരള നിയമസഭ**
**21.03.2013-ലെ മറുപടിക്ക്**

<u>ചാലക്കുടിയിൽ പെട്രോൾ പമ്പ് സ്ഥാപിക്കാൻ നടപടി</u>

1252 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചാലക്കുടിയിൽ പെട്രോൾ പമ്പ്, ഗ്യാസ് ഔട്ട്ലെറ്റ്, ഹൈപ്പർ മാർക്കറ്റ്, പീപ്പിൾ ബസാർ എന്നിവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 21.03.2013-ലെ മറുപടിക്ക്

ഇന്ധനത്തിലെ മായം പരിശോധിയ്ക്കാനുള്ള സംവിധാനം

1253 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
,, റ്റി. എ. അഹമ്മദ് കബീർ
,, കെ. എം. ഷാജി
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റേതുൾപ്പെടെയുള്ള ഇന്ധന വിതരണ കേന്ദ്രങ്ങളിലൂടെ വിതരണം ചെയ്യുന്ന ഇന്ധനത്തിൽ മായം കർത്തിയിട്ടില്ലെന്ന് പരിശോധിച്ച് നടപടി സ്വീകരിക്കാനുള്ള സംവിധാനം കാര്യക്ഷമമല്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ ഇതിനായുള്ള സംവിധാനമെന്താണ്; ഈ സർക്കാർ എത്ര പരിശോധനകൾ നടത്തിയിട്ടുണ്ട്; ക്രമക്കേടുകൾ നടത്തിയ എത്ര കേന്ദ്രങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) പ്രസ്തുത കേന്ദ്രങ്ങളിൽ നിന്നു സൗജന്യമായി നൽകേണ്ട വെള്ളം, വായു എന്നീ സേവനങ്ങൾ പലപ്പോഴും യന്ത്രങ്ങൾ കേടാണെന്ന കാരണത്താൽ നിഷേധിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**21.03.2013-ലെ മറുപടിക്ക്**

<u>ഗ്യാസ് സിലിണ്ടർ വിതരണത്തിലെ ക്രമക്കേട്</u>

1254 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്യാസ് സിലിണ്ടർ വിതരണത്തിൽ ഏജൻസികൾ ക്രമക്കേട് കാണിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സബ്സിഡി സിലിണ്ടറും സബ്സിഡി ഇല്ലാത്ത ഗ്യാസ് സിലിണ്ടറും വിതരണം ആരംഭിച്ചതോടെ ഏജൻസികൾ ഉപഭോക്താക്കളെ വഞ്ചിക്കുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ സബ്സിഡി നിരക്കിൽ എത്ര ഗ്യാസ് സിലിണ്ടറുകളാണ് ഒരു വർഷത്തേക്ക് ഒരു ഉപഭോക്താവിന് നൽകിവരുന്നത്; സബ്സിഡി ഗ്യാസ് സിലിണ്ടറിന്റെ വില എത്ര രൂപയാണ്;

(ഡി) സബ്സിഡിയില്ലാത്ത എത്ര ഗ്യാസ് സിലിണ്ടറുകളാണ് ഒരു വർഷത്തേക്ക് ഒരു ഉപഭോക്താവിന് ലഭിക്കുക; സബ്സിഡിയില്ലാത്ത ഗ്യാസ് സിലിണ്ടറിന്റെ വിലയെത്ര;

(ഇ) ഗ്യാസ് സിലിണ്ടറുകൾ വീട്ടിൽ എത്തിക്കുന്നതിന് വിതരണ ഏജൻസികൾ അധിക തുക ഈടാക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ആയത് തടയാൻ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(എഫ്) ഗ്യസ് സിലിണ്ടർ വിതരണം ചെയ്യുമ്പോൾ സിലിണ്ടറിന്റെ വില കൂടാതെ ട്രാൻസ്പോർട്ടിംഗ് ചാർജ് /സർവ്വീസ് ചാർജ് എന്നിവ ഈടാക്കുന്നതിന് മാനദണ്ഡങ്ങളുണ്ടോ; എങ്കിൽ വിശദമാക്കുമോ?

## കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ സ്പെഷ്യൽ റൂൾസ്</u>

1255 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ ജീവനക്കാർക്ക് ഉദ്യാഗക്കയറ്റത്തിനായി സ്പെഷ്യൽ റൂൾസ് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റൂൾ നടപ്പിലാക്കിയാൽ നിലവിൽ അസിസ്റ്റന്റ് സെയിൽസ്മാനായി ജോലിനോക്കുന്നതും യോഗ്യതാ ലിസ്റ്റിൽ ഉള്ളതുമായ എത്രപേർക്ക് ജൂനിയർ അസിസ്റ്റന്റായി പ്രൊമോഷൻ ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത റൂൾ നടപ്പിലാക്കി അർഹരായ ജീവനക്കാർക്ക് പ്രൊമോഷൻ ലഭിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) സിവിൽ സപ്ലൈസ് ജീവനക്കാരുടെ പെൻഷൻ പദ്ധതി അടിയന്തിര പ്രാധാന്യത്തോടെ നടപ്പിലാക്കുന്നതിനാവശ്യമായ നടപടി കൈക്കൊള്ളുമോ ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>ഹോട്ടലുകൾക്ക് ഗ്രേഡിംഗ് സംവിധാനം</u>

1256 ശ്രീ. വർക്കല കഹാർ
,, തേറമ്പിൽ രാമകൃഷ്ണൻ
,, പി. സി. വിഷ്ണുനാഥ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഹോട്ടലുകൾക്ക് ഗ്രേഡിംഗ് സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദീകരിക്കാമോ ;

(സി) ഹോട്ടലുകളിലെ ഭക്ഷണസാധനങ്ങളുടെ വില ഏകീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) എങ്കിൽ ഇതിനായി നിയമനിർമ്മാണം നടത്തുന്നകാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>ഭക്ഷണത്തിന് അമിതവില ഈടാക്കുന്നത് തടയാൻ നടപടി</u>

1257 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹോട്ടൽ ഭക്ഷണത്തിന് ന്യായ വില ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; വിശദാംശം നൽകുമോ;

(ബി) ഹോട്ടലുകൾ അമിത വില ഈടാക്കുന്നത് തടയുന്നതിനായി പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കാൻ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(സി) ഹോട്ടൽ ഭക്ഷണത്തിന് സർക്കാർ ന്യായ വില നിശ്ചയിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ വിവിധ ഭക്ഷണ പദാർത്ഥങ്ങൾക്ക് നിശ്ചയിച്ച് നൽകിയ നിരക്ക് സംബന്ധിച്ച് വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>ഉപഭോക്തൃകോടതിയിൽ നിലവിലുള്ള കേസ്സുകൾ</u>

1258 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉപഭോക്തൃകോടതികളിൽ നിലവിലുള്ള കേസുകളുടെ ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കേസുകളുടെ കാലതാമസം ഒഴിവാക്കി തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

ഇ-സ്റ്റാമ്പിംഗ് പദ്ധതി

1259 ശ്രീ. കെ. മുരളീധരൻ
ശ്രീ. റ്റി. എൻ. പ്രതാപൻ
ശ്രീ. വി.ഡി. സതീശൻ
ശ്രീ. കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ-സ്റ്റാംമ്പിംഗ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) മുദ്രപത്ര വിതരണത്തിലെ ക്രമക്കേടുകൾ തടയാൻ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്?

# കേരള നിയമസഭ
# 21.03.2013-ലെ മറുപടിക്ക്

<u>രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിൽ ആധുനിക വൽക്കരണം</u>

1260 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിൽ പൂർണ്ണമായും കമ്പ്യൂട്ടറൈസ് ചെയ്തിരിക്കുന്ന സേവനങ്ങൾ ഏതെല്ലാം; ആധാരങ്ങൾ പൂർണ്ണമായും കമ്പ്യൂട്ടറൈസ് ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇപ്രകാരം പൂർണ്ണമായും കമ്പ്യൂട്ടറൈസ് ചെയ്യപ്പെട്ടാൽ തൊഴിൽ നഷ്ടപ്പെടുന്ന ആധാരം എഴുത്തുകാരെ എപ്രകാരം പുനരധിവസിപ്പിക്കാനാണ് തീരുമാനിച്ചിട്ടുളളത് എന്നു വിശദമാക്കുമോ;

(ബി) സബ് രജിസ്ട്രാർ ഓഫീസുകളിൽ ജീവനക്കാരെ നിയമിക്കുന്നതിനുളള മാനദണ്ഡം എന്താണെന്നു വ്യക്തമാക്കാമോ;

(സി) സബ് രജിസ്ട്രാർ ഓഫീസുകളിൽ പലയിടങ്ങളിലും ജനങ്ങൾക്ക് വെയിലും മഴയുമേൽക്കാതെ ഇരിക്കാനുളള സൗകര്യങ്ങളില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>രജിസ്ട്രേഷന്‍ ഓണ്‍ലൈന്‍ പദ്ധതി</u>

1261 ശ്രീ. വി. ശിവന്‍കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) രജിസ്ട്രേഷന്‍ ആഫീസുകളിലെ രജിസ്ട്രേഷന്‍ ഓണ്‍ലൈന്‍ വഴിയാക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണ്;

(ബി) സംസ്ഥാനത്ത് ഏതെല്ലാം രജിസ്ട്രാഫീസുകളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുള്ളത്;

(സി) പ്രസ്തുത പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പിലാക്കാന്‍ ഉദ്ദേശ്യമുണ്ടോ; എങ്കില്‍ ഇതിന്‍മേല്‍ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

ഭൂമി രജിസ്ട്രേഷനിലൂടെയുള്ള വരുമാനം

1262 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-2012 സാമ്പത്തിക വർഷം ഭൂമി രജിസ്ട്രേഷനിലൂടെ എന്ത് തുക വരുമാനം ഉണ്ടായെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഇനത്തിൽ 2012-2013 വർഷത്തിൽ നാളിതുവരെയുള്ള വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം വരുമാനം എത്ര ശതമാനമായി കുറഞ്ഞുവെന്നും അതിന്റെ കാരണം എന്താണെന്നും അറിയിക്കാമോ ;

(ഡി) നിലവിലുണ്ടായിരുന്ന വ്യവസ്ഥകളിൽ മാറ്റം വരുത്തിയത് വരുമാനക്കുറവിന് കാരണമായിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

രജിസ്റ്റർ ചെയ്ത ആധാരം ലഭിച്ചില്ലായെന്ന പരാതി

1263 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്ത 4252/2005-ാം നമ്പർ ആധാരം തിരികെ ലഭിച്ചില്ല എന്ന ആശ മോഹൻ, W/o മോഹൻ പൂത്തൻ പുരയ്ക്കൽ വീട്, കുന്നപ്പിളളി. പി.ഒ, മേലൂർ, തൃശ്ശൂർ ജില്ല യുടെ പരാതിയിൻ മേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) പരാതിക്കാരിക്ക് ആധാരം ലഭ്യമാക്കുന്നതിനുളള നടപടി സ്വീകരിക്കുമോ?